# ദേവി_വിലാസം_വൊക്കേഷണൽ ഹയർസെക്കന്റ്ററി_സ്കൂൾ_തലവൂർ




DVHS

## സമർപ്പണം

ഇത് നിങ്ങളുടേതാണ്

നമ്മളുടേതാണ്

നമ്മുടെ കുടുംബങ്ങളുടേതാണ്

നിങ്ങൾ എന്നെ ഏൽപ്പിച്ച

സാഹിത്യമുത്തുക്കൾ

സ്നേഹത്തിന്റെ നൂലിൽ കോർത്ത്

വിശ്വസഹാരമായ്

ഞാൻ തിരിച്ചുനൽക്കുന്നു.

നന്മയുടെ പിറവിക്കായി

കാത്തിരിക്കുന്ന ഈ വേളയിൽ

ഒരു പറ്റം കരുന്നുക്കളുടെ

അറിവിന്റ്റെ സമ്മാനമ്മാണിത്.

ഓർമ്മയുടെ ചെപ്പുകളിൽ ഓർത്തുവയ്ക്കുവാൻ

ഇതാ ഒരു മാസിക

സദയം സ്നേഹത്തോടെ സവിനയം.

ചീഫ് എഡിറ്റർ

## സ്കൂൾ_ചരിത്രം



1947 ആഗസ്റ്റ് 15-ലെ സ്വാതന്ത്ര്യദിന പുലരിയിൽ തലവൂരിൽ ഒത്തുകൂടിയ ജനങ്ങൾ ഐക്യത്തിന്റെയും ഒത്തൊരുമ്മയുടെയും ശക്തി വിളിച്ചോതുന്നതായിരിന്നു. സ്വാതന്ത്ര്യത്തിന്റെ മധുരം പങ്കുവെയ്ക്കുനതിനോടൊപ്പം നാടിന്റെ ആകുലതകളും നാട്ടുപ്രമാണിമാർ പങ്കുവെച്ചു. അതിൽ പ്രൈമറി കഴിഞ്ഞാൽ തുടർപഠനത്തിന് സൗകര്യം ഇല്ലാത്തത് ആയിരുന്നു പ്രധാന പ്രശ്നമായി ചർച്ച ചെയ്തത്. ഭൂരിഭാഗം പേരും സ്കൂൾ ആരംഭിക്കുന്നതിനായി പ്രവർത്തിക്കാമെന്നേറ്റു. പക്ഷേ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും തയാറായില്ല. അവസാനം തലവൂർ തൃക്കന്നമർക്കോട് ദേവസ്വം സ്കൂൾ നിർമ്മിക്കുന്നതിനായി തയാറാണെന്ന് അറിയിച്ചു. തുടർന്ന് നടന്ന വിവിധ യോഗങ്ങളിൽ സ്കൂൾ നിർമ്മിക്കുന്നതിനായി രൂപരേഖ തയാറാക്കി. ക്ഷേത്രത്തോട് ചേർന്ന് വനസമാനമായ സ്ഥലമാണ് സ്കൂളിനായി തിരഞ്ഞെടുത്തത്. ആറ് കരക്കാരായിരുന്നു തലവൂർ ദേവസ്വത്തിന്റെയും ക്ഷേത്രത്തിന്റയും ഉടമസ്ഥർ. ജാതിമത ഭേദമന്യേ നടന്ന കൂട്ടായ പരിശ്രമത്തിന്റെ പരിസമാപ്തിയിൽ ഉയർന്നുവന്ന സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കാൻ 4 വർഷം വേണ്ടി വന്നു.

1952-ൽ ശ്രീ പട്ടം താണുപ്പിള്ള മുഖ്യമന്ത്രി ആയിരിന്ന കാലഘട്ടത്തിൽ വിദ്യഭ്യാസ മന്ത്രിയായിരുന്ന ശ്രീ എ ജെ ജോൺ ആയിരുന്നുകെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയത്. പ്രമുഖ നേതാവായ ശ്രീ കളത്തിൽ വേലായുധൻ നായർ തുടങ്ങിയവർ സ്കൂളിന് അംഗീകാരം നേടിയെടുക്കുന്നതിൽ വിജയിച്ചു. കുട്ടിക്കളുടെ എണ്ണം പെരുകിയതുമൂലം ക്ഷേത്രത്തേട് ചേർന്നുള്ള കുളപ്പുരയിലും ഊട്ടുപുരയിലും ക്ലാസുകൾ നടത്തേണ്ടിവന്നു. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് അക്ഷരവെളിച്ചം പകർന്ന് സ്കൂൾ ഇന്ന് അതിന്റെ ചരിത്രപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ടിരുന്നു.

രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരസൈനനികരുടെ കലാലയം കൂടിയാണിത്. പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രഗല്ഭരായ നിരവധി പേരെ നാടിന് സംഭാവന ചെയ്യുവാൻ ഈസ്കൂളിന് കഴിഞ്ഞു. 2002 ൽ നടന്ന സുവർണ ജൂബിലി ആഘോഷങ്ങൾ നാട് മുഴുവൻ ഏറ്റെടുക്കുകയായിരുന്നു. ഇന്ന് സ്കൂളിന്റെ വികാസം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. എൽ.കെ.ജി മുതൽ ഹയർസെക്കന്ററി തലം വരെ ആയിരകണക്കിന് കുട്ടികൾ ഈ കലാലയത്തിൽ നിന്നും അറിവിന്റെ പുത്തൻ വെളിച്ചം നേടിക്കൊണ്ടിരിക്കുന്നു.

# സന്ദേശം

സ്നേഹമുള്ള കുട്ടുകാരെ,

വിദ്യാലയമാകുന്ന കുടുംബത്തിലെ അംഗങ്ങളാണല്ലോ

നാമോരുത്തരും. നമ്മുടെ സ്നേഹവും ഐക്യവും

പ്രകടമാക്കാനുള്ള ഒരവസരമാണ് ഈ മാസിക. ഇത്

തയ്യറാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും

അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

# ആമുഖം

പ്രിയമുള്ളവരെ,

കേരളത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റ്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിപ്ലവം ഒരുക്കി ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികളിലൂടെ പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ഈ സംരംഭത്തിൽ എല്ലാ ഭാവകങ്ങളും നേരുന്നു.

ലിറ്റിൽ കൈറ്റസിനുവേണ്ടി,

ചീഫ്
എഡിറ്റർ

ദേവിക എസ്

# എഡിറ്റോറിയൽ_ബോർഡ്

**ചീഫ് എഡിറ്റർ : ദേവിക എസ്**

**സബ് എഡിറ്റർ : കൃഷ്ണപ്രിയ**

**അഖിൽ കൃഷ്ണൻ**

**അംഗങ്ങൾ :**

**അഭിഷേക് എസ്**

**അബിൻ ജോയ്**

**അബിൻ കൃഷ്ണ ബി എസ്**

**അൻഫാസ് എ**

**ഷൈൻ കെ രാജോഷ്**

**ഫഹദിയ എസ്**

**തിമോത്തി ജേക്കബ്**

**അരുന്ധതി ദേവി ജെ**

**മഞ്ജിമ എൻ**

**അജ്മി അലി**

മുഹമ്മദ് യാസീൻ

വിഷ്ണു പ്രിയ

മുബീന എം

രജിത ആർ പിള്ള

ആരതി എ എസ്

ആയിഷാ എ അൻസാരി

അർജ്ജുൻ ആർ പിള്ള

# ഉള്ളടക്കം

1. കവിത          തീരാസഞ്ചാരം        വിഷ്ണുപ്രിയ
2. കവിത          ഞാൻ തനിയെമൂബീനാ എം
3. കവിത          അമ്മമനസ്സ്  ആയിഷാ എ അൻസാരി
4. ഉപന്യാസം                    കൃഷ്ണപ്രിയ എസ് കെ
5. ജീവിതത്തിൽ ഓർക്കാൻ ആഗ്നസ്സ് റോബേർട്ട്
6. കവിത വർണ്ണമനോഹരി കൃഷ്ണപ്രിയ
പൂമ്പാറ്റ
7. വായനാക്കുറിപ്പ്                    ബാലസൂര്യ എ എസ്
8. Confusing
9. വിസർജ്ജനം മറ്റ് ജീവികളിൽ

10. വിവിധ വസ്തുകളിൽ അടങ്ങിയിട്ടുള്ള ആസിഡുകൾ

# തീരാ_സഞ്ചാരം

കടം തന്ന ജന്മം പേറി

മനസ്സിലെ മോഹം പാടി

എങ്ങോ സഞ്ചാരം............

അലയുന്ന മേഘം പോലെ

എന്നും സഞ്ചാരം...............

മരുപ്പച്ച വീണ്ടും താണ്ടി

മണൽകാറ്റിലീറൻ തേടി

അടങ്ങാത്ത ദാഹം കൊണ്ടീ

തീരാ സഞ്ചാരം

അടങ്ങാത്ത ദാഹത്തോടെ

ഒടുങ്ങാത്ത മോഹങ്ങളായ്

അലയുന്നു നീയും ഞാനും

- വിഷ്ണു പ്രിയ

# ഞാൻ_തനിയെ

എൻ്റ്റെ സ്വപ്നങ്ങളിൽ എന്നും വസന്തമായിരുന്നു

പൂക്കളെ സ്നേഹിച്ചു ഞാനെപ്പോഴും

കൊതിച്ചു ഞാൻ തുമ്പിപോൽ പറക്കുവാൻ

വർണപൂക്കളിൽ പൂമ്പാറ്റയായിടാൻ

എൻ്റ്റെ മോഹങ്ങൾ എന്നും സംഗീതമായിരുന്നു

കിനാവിൻ്റ്റെ തിരഭൂമിയിൽ ഞാനൊരു

സോപാനസംഗീതമായുതീർന്നു..........

കാറ്റും കുളിരും എന്നിൽ പുഷ്പമഴയായി.

എന്തിലും കണ്ടുഞാൻ സംഗീതവർണങ്ങൾ

എൻ്റ്റെ സ്മൃതികളിലൊന്നും കുളിർമഴയായിരുന്നു

പോയ ദിനത്തിൻ്റ്റെ ആത്മഗീതങ്ങൾ

ശൈശവം പോലും ഒരോർമ്മയായി പടർന്നെന്നിൽ

പിന്നെ ബാല്യത്തിന്റ്റെ നഷ്ടസ്വപ്നങ്ങളും............

- മൂബീന എം

# അമ്മ മനസ്സ്



പിച്ചവച്ച നടക്കുമവളൊരു

പിച്ചക്കാരിതൻ ഓമൽപൈതൽ

കാഴ്ചയിലൊരു കീറത്തുണിയും ചുറ്റി

വീഴ്ച പറ്റാതെ നോക്കുന്നിതമ്മ

കാടന്റ്റെ കറപുരണ്ട കൺകളുമായി

വിടപങ്ങൾക്കുള്ളിലൊരു ദുഷ്ടമാനസം

ആർത്തിപൂണ്ടൊരു നോട്ടം തുടങ്ങിനാൻ

വാർതുബപോലൊരാ പൈതലിനെ.

അന്നത്തിനായിരക്കുന്നൊരമ്മയെ

വന്നുനിരന്നവർ നോക്കിനിന്നു

നന്മ നിറഞ്ഞവർ തുട്ടുകളോരോന്ന്

വന്മതിലിനരികത്തിട്ടുന്നു.

കിട്ടിയൊരവസരം പാഴാക്കൊല്ലെ

യെന്നു മന്ത്രിച്ചാരാ ദുഷ്ടമാനസം

ആളൊഴിഞ്ഞുള്ള നേരവും കാത്ത്

ആർത്തിപൂണ്ടവൻ നോക്കിനിന്നു.

നിങ്ങൾക്കുമില്ലേ അമ്മയും പെങ്ങളും

നിങ്ങൾക്കുമില്ലേ ഓമനപുത്രിമാർ

അന്ധതബാദിച്ചൊരീ സമൂഹമേ

നിങ്ങൾ ചികിത്സതേടേണ്ട സമയമായി.

-ആയിഷാ എ അൻസാരി

# ഉപന്യാസം

## "വിദ്യാഭ്യാസം സർവ്വധനാൽ പ്രധാനം"

അറിവിന്റെ ശക്തി, അത് വാക്കുകൾക്കപ്പുറമാണ്. അന്നും ഇന്നും അറിവുള്ളവരെ ആദരിക്കുകയെന്നത് നമ്മുടെ മുഖമുദ്രയാണ്. അറിവ് ഒരുവനെ അവന്റെ പ്രായത്തിനതീതമായ വിവേകമുള്ളവനാക്കി തീർക്കുന്നു. പകർന്നു കൊടുക്കാത്ത വിദ്യ മൺകുടത്തിലൊളിപ്പിച്ച വിളക്ക് പോലെയാണ്.

**"കൊണ്ടുപോകില്ല ചോരൻമാർ**

**കൊടുക്കുന്തോറുമേറിടും**

**മേന്മ നൽകും മരിച്ചാലും**

**വിദ്യ തന്നെ മഹാധനം"**

മഹാകവി ഉള്ളൂരിന്റ്റെ പ്രശസ്തമായ വരികൾ അറിവിന്റ്റെ അനശ്വരതയെ കുറിക്കുന്നു.

ഒരു സമൂഹത്തിന്റ്റെയുല്ളിൽ നടമാടുന്ന ദുരാചാരങ്ങളോയും അക്രമങ്ങളെയും തുടച്ചുനീക്കുവാൻ ജ്ഞാനത്തിലധിഷ്ഠിതമായ ഒരു വ്യവസ്ഥയിലൂടെ സാധിക്കും.ഒരു വ്യക്ത്തിയുടെ ജീവിതത്തിൽ ആർജ്ജിച്ചെടുക്കുന്ന ഏറ്റവും ഉന്നതമായ സബത്താണ് ജ്ഞാനസബത്ത്.

ശരിയായ അറിവിലൂടെ സ്നേഹവും സാഹോദര്യവും ഭൂമിയിലെവിടെയും നിറയ്ക്കുവനാകും. അറിവിന്റ്റെ അക്ഷരങ്ങൾ

അഗ്നിപ്രഭയോടെ നന്മയുടെ പ്രകാശം നിറക്കുബോൾ അറിവ് ആത്യന്തികമായ അനശ്വരധനമാണെന്ന കവി വചനം യാഥാർത്ഥ്യമാവുകയാണ്. വിദ്യയിലൂടെ അമരത്വം നേടുക,തിരിച്ചറിവിന്റ്റെ പ്രകാശവീഥികൾ തുറക്കുക.

-കൃഷ്ണപ്രിയ എസ് കെ

## ജീവിതത്തിൽ_ഓർക്കാൻ

ജീവിതത്തിൽ ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീട് ഒരിക്കലും തിരിച്ച് കിട്ടാത്ത 3

കാര്യങ്ങൾ.

1. സമയം
2. പറഞ്ഞുപോയ വാക്കുകൾ
3. നല്ല അവസരങ്ങൾ

ജീവിതത്തിൽ ഒരിക്കൽ നഷ്ടപ്പെട്ടാൽ തിരിച്ച് നേടാൻ ബുദ്ധിമുട്ടുള്ള

കാര്യങ്ങൾ.

1. ആദരവ്

2. വിശ്വാസം

3. സൗഹൃദം

ജീവിതത്തിൽ ഏറ്റവും വിലപ്പെട്ട 3 കാര്യങ്ങൾ.

1. സ്നേഹം
2. ആത്മവിശ്വാസം
3. നല്ല സൗഹൃദം

ജീവിതത്തിൽ നിലനിൽക്കുന്നുവെന്ന് ഉറപ്പില്ലാത്ത 3 കാര്യങ്ങൾ.

1. സ്വപ്നങ്ങൾ
2. വിജയം
3. ഭാഗ്യം

ജീവിതത്തിൽ വിജയിക്കാൻ വേണ്ട 3 കാര്യങ്ങൾ.

1. കഠിനാധ്വാനം
2. ആത്മാർത്ഥത
3. അർപ്പണ മനോഭാവം

-Agnese Robert

**വർണ്ണ_മനോഹരി_പൂമ്പാറ്റ**



സുന്ദരിയാം ചെറു പൂമ്പാറ്റ

പാറി നടക്കും പൂമ്പാറ്റ

പൂക്കള് എവവിടേലും കണ്ടാലും

അരികിൽ പോകും പൂമ്പാറ്റ

വർണ്ണ മനോഹരി പൂമ്പാറ്റ

അഴകള്ളൊരു പൂമ്പാറ്റ

കുട്ടികൾ കണ്ടാൽ മോഹിക്കും

ആ അഴകള്ളൊരു പൂമ്പാറ്റ

പാറി നടക്കും പൂമ്പാറ്റ

പൂക്കൾക്കിടയിൽ ചെല്ലുമ്പോൾ

പുഞ്ചിരി തൂകും ആ പൂക്കൾ

വാ വാ എന്നു വിളിക്കുന്നു.

പുഞ്ചിരി ളുകിയ പൂമ്പാറ്റ

ഭംഗിയുള്ളൊരു പൂമ്പാറ്റ

ആരും കണ്ടാൽ മോഹിക്കും

വർണ്ണ മനോഹരി പൂമ്പാറ്റ

-കൃഷ്ണപ്രിയ

## വായനാക്കുറിപ്പ്


**പുസ്തകം : ദി ഇമോർട്ടൽസ് ഓഫ് മെലുഹ**

ശിവപുരാണത്തെ ആസ്പദമാക്കി ഹിന്ദി സാഹിത്യകാരൻ അമീഷ് ത്രിപ്പടി രചിച്ച പുസ്തകമാണ് ദി ഇമോർട്ടൽസ് ഓഫ് മെലുഹ. അദ്ദേഹത്തിന്റ്റെ ആദ്യ പുസ്തകം കൂടിയാണ്.

ശിവൻ ഒരു മനുഷ്യനായി ജനിച്ച് തന്റ്റെ കർമ്മം കൊണ്ട് ഒരു ദൈവമായി മാറുന്നതാണ് ഇതിന്റ്റെ ഇതിവൃത്തം. ഹിമാലയത്തിലെ കൈലാസത്തിൽ ജനനം മുതൽ ഇതിൽ പ്രതിവാദിക്കുന്നു. ഹിമാലയത്തിന്റ്റെ വശ്യമായ സൗന്ദര്യം ഇതിൽ വർണ്ണിക്കുന്നു.കൈലസത്തിൽ നിന്നും മെലുഹൻ രാജ്യത്ത് എത്തുക്കയും അവിടെവെച്ച് നടക്കുന്ന സംഭവവികാസങ്ങളും ആണ് കൃതിയുടെ കാതൽ.

ഇതിൽ പ്രധാനമായും അദ്ദേഹത്തിന്റ്റെ രചനാരീതി ഒരു സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. വായനക്കാരെ പിടിച്ചിരുത്തുന്ന രീതിയിലുള്ള കൃതിയാണ് ഇത്.എഴുത്ത് പുരണത്തെ മറ്റൊരു രീതിയിൽ മനസ്സിലാക്കാൻ ഈ പുസ്തകം സഹായിക്കുന്നു.

-ബാലസൂര്യ എ എസ്


Confusing..!!!
ആറ്റം കണ്ടു പിടിച്ചത് :ജോൺ ഡാൾട്ടൻ [redacted]
ആറ്റത്തിന്റെ ഘടന :നീൽസ് ബോർ [redacted]
ആറ്റത്തിന്റെ സൗരയൂഥ മാതൃക :റൂഥർഫോഡ്
ആറ്റത്തിന്റെ പ്ലം പുഡിങ് മാതൃക : ജെ ജെ തോംസൺ

## വിസർജനം മറ്റ് ജീവികളിൽ

- ഏകകോശ ജീവിയായ അമീബയ്ക്ക് വിസർജനാവയവങ്ങൾ ഇല്ല.
- അമീബയിൽ വിസർജനം നിറവേറ്റാൻ സഹായിക്കുന്നത് - സങ്കോചഫേനം
- മണ്ണിരയിലെ വിസർജനാവയവം–നെഫ്രീഡിയ
- ഷഡ്പദങ്ങളിലെ വിസർജനാവയവം–മാൽപീജിയൻ നാളികൾ
- മത്സ്യങ്ങളുടെ പ്രധാന വിസർജ്യവസ്തു–അമോണിയ
- മത്സ്യങ്ങളിൽ വൃക്കകളിലൂടെ നേരിട്ട് ജലത്തിലേക്ക് വിസർജിക്കപ്പെടുന്നു
- വൃക്കകളാണ് തവളകളിലെ വിസർജനാവയവം. വാൽമാക്രികളിലെ വിസർജ്യവസ്തു–അമോണിയ
- രൂപാന്തരണം സംഭവിച്ച് തവളയായി മാറുമ്പോൾ വിസർജ്യവസ്തു –യൂറിയ
- പക്ഷികളിലും ഉരഗങ്ങളിലും വൃക്കകളാണ് വിസർജനാവയവം.
- പക്ഷികളുടെയും ഉരഗങ്ങളുടെയും വിസർജ്യവസ്തു –യൂറിക് ആസിഡ്

## വിവിധ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള ആസിഡുകൾ

| | |
|---|---|
| വിനാഗിരി | അസെറ്റിക്കാസിഡ് |
| മുന്തിരി, പുളി | ടാർടാറിക്കാസിഡ് |
| പാൽ | ലാക്ടിക് ആസിഡ് |
| ആമാശയരസം | ഹൈഡ്രോക്ലോറിക് ആസിഡ് |
| കാർബാറ്ററി | സൾഫ്യൂറിക് ആസിഡ് |
| ഓറഞ്ച്, നാരങ്ങ | സിട്രിക് ആസിഡ് |
| ആസ്പിരിൻ | അസെറ്റൈൽ സാലിസിലിക് ആസിഡ് |
| സോഡാവെള്ളം | കാർബോണിക് ആസിഡ് |
| ആപ്പിൾ | മാലിക് ആസിഡ് |
| വാഴപ്പഴം, ചോക്കലേറ്റ്, തക്കാളി | ഓക്സാലിക് ആസിഡ് |
| കൊഴുപ്പ്, എണ്ണ | സ്റ്റിയറിക് ആസിഡ് |
| മൂത്രം | യൂറിക് ആസിഡ് |

# On the wonderwheelsof Friendship

Friendship is the most amazing wonder the world has ever seen. At every age is able to make friends.

Friendship is defined asa person attached to another by feelings of affection or personal regard. This connection is theessence of human relationships.

A good healthy friendship serves to make each person a letter version of themselves each day. A good friend is a companion,a mirror,a motivator and rides with as through terrain and storm swept tragedies as well as the warm sunny days of happiness and success.

The Art of friendship is being a friend. We must also be friends with our selves. Without friendship ,we can drift aimlessly through life feel miss understood, develop anti social behavior and other zingers.

# On the wonderwheelsof Friendship

Friendship is the most amazing wonder the world has ever seen. At every age is able to make friends.

Friendship is defined asa person attached to another by feelings of affection or personal regard. This connection is theessence of human relationships.

A good healthy friendship serves to make each person a letter version of themselves each day. A good friend is a companion,a mirror,a motivator and rides with as through terrain and storm swept tragedies as well as the warm sunny days of happiness and success.

The Art of friendship is being a friend. We must also be friends with our selves. Without friendship ,we can drift aimlessly through life feel miss understood, develop anti social behavior,and other zingers. Friendship is like the five fingers of a hand.

Everyone is lucky if he or she gets a real and good friend in his lifetime

# Maths In Family

ADD noble qualities

SUBTRACT evil habitats

MULTIPLY love and mercy


DIVIDE what we have an sorrows

EQUATE men and women in the society

ELIMINATE untouchability

MAXIMIZE your knowledge

with GOD an CENTER and LOVE an Radian



**-** Arathy A S

# കുരുവിയുടെ കുടുംബം

പുഴക്കരയിലെ മാവിന് കൊമ്പില് ചുള്ളികമ്പ്കൊണ്ട് തീര്ത്ത വീട്ടിലാണ് ചക്കികാക്കയും കുടുംബവും താമസിച്ചിരുന്നത്. തൊട്ടടുത്തുള്ള തെങ്ങോലയില് ഊഞ്ഞാലാടുന്ന കൂട്ടിലാണ് ത്തുക്കണാം കുരുവി താമസിച്ചിരുന്നത്.

മഴക്കാലം വരാന് സമയമായപ്പോള് പുതിയ കൂട്ട പണിയാന് ഇരുവരും തീരുമാനിച്ചു.ദിവസങ്ങള് നീണ്ട കഠിന പ്രയത്നതിന് ഒടുവില് കുരുവി കൂടുണ്ടാക്കി.പക്ഷേ ചക്കികാക്കയുടെ കൂട് അപ്പോഴും പൂര്ത്തിയായിരുന്നില്ല. പുതിയകൂട്ടിലിരുന്ന് നീട്ടിപാടിയകുരുവിയെ നോക്കി കാക്ക ചോദിച്ചു " നി എങ്ങനെ പെട്ടെന്ന് കൂട് നിര്മ്മിച്ചെ”.കുരുവി ചിരിച്ചകൊണ്ട് പറഞ്ഞു ഞങ്ങള് എല്ലാവരും കുടുംബം മുഴുവന് പരിശ്രമിച്ചു.

കാക്ക പറഞ്ഞു "ഞങ്ങളും എല്ലാവരും ചേര്ന്നാണല്ലോ കൂട്ട പണിയുന്നത്.പിന്നെയെന്താ?”

"ഒരുമിച്ച് ചെയ്യുന്നെങ്കിലും നിങ്ങളുടെ ഇടയില് ഒരുമയില്ല. കുടുംബത്തില് ഐക്യം ഉണ്ടെങ്കില് ഏത് പ്രതിസന്ധിയും മറികടക്കാം " കുരുവി പറഞ്ഞു.അത് കേട്ട് കാക്ക അത്ഭുതപ്പെട്ടു.

-രജിത ആര് പിള്ള

**നടന്നുകയറിയ വഴികളിൽ മയങ്ങിയുണർന്ന പ്രഭാതങ്ങളിൽ**

**ചിന്തകളിൽ......... പിൻവിളികളിലൂടെ പകർന്ന് തന്ന ഇന്നലകളിലെ**

**കരുതലിന്**

**പ്രിയമാതാപിതാകൾക്ക്..........**

**നാളെയുടെ പ്രതീക്ഷ നൽക്കിയ ഇത്തിരി വെട്ടങ്ങൾക്ക്**

**അദ്ധ്യാപകർക്ക് വർണ്ണത്തൂവലുകളൊരുക്കി സർഗാത്മാക**

**ചിന്തകളിലേക്ക്**

**നയിച്ചവർക്ക് സ്വപ്നങ്ങൾ പങ്കവെച്ചവർക്ക് സ്വപ്നങ്ങളിൽ ഇടം**

**നേടിയവർക്ക് ചിരിച്ചവർക്ക് ചിന്തിച്ചവർക്ക് പ്രകൃതിക്ക്, തണലിന്**

നന്ദി...... നന്ദി...... നന്ദി......

**സ്നേഹപൂർവ്വം**

**ലിറ്റിൽ**

**കൈറ്റസ്**

**എഡിറ്റോറി**

**യൻ**

**ജ്യോതിസ്**

**DVVHS തലവൂർ**